യിൽ കല്ലേറ്റിൻകരയിൽ 'കേരള ഫീഡ്സ്' സ്ഥാപിച്ചു. പ്രസ്തുത കമ്പനി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം നടത്തി വിപണനം തുടങ്ങി നിർമ്മാണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഫാക്ടറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനു വേണ്ടി നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്. ബന്ധപ്പെട്ട വിവിധ ഏജൻസികളുമായി ചർച്ച നടത്തിയശേഷം മാത്രമേ വിശദാംശങ്ങൾ ഉരുത്തിരിയുകയുള്ളു.

(ഇ)&(എഫ്) സർക്കാർ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ഒരു ഫാക്ടറി സ്ഥാപിച്ചു. ഇതിനു പുറമേ മിൽമയുടെ കീഴിൽ പട്ടണക്കാടും മലമ്പുഴയിലും രണ്ടു കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ജി) കല്ലേറ്റുംകരയിലെ കേരള ഫീഡ്സ് ഫാക്ടറിയിൽ ഇപ്പോൾ രണ്ട് ഷിഫ്റ്റ് പ്രവർത്തിച്ചു വരുന്നു. മൂന്നാമത്തെ ഷിഫ്റ്റിന്റെ പ്രവർത്തനം കഴിവതുംവേഗം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പറമ്പിക്കുളം-അലിയാർ നദീജല കരാർ പുതുക്കൽ

7 (*495)ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം അലിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കൽ സംബന്ധിച്ച ചർച്ചകളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കരാർ കാലാവധി കഴിഞ്ഞ് പത്ത് വർഷമായിട്ടും കരാർ പുതുക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച 2500 ദശലക്ഷം ഘനഅടി ജലം കൊണ്ടു വരുന്നതിന് കരാറിൽ വ്യവസ്ഥയുള്ള ഹൈലെവൽ കനാൽ നിർമ്മിക്കുവാൻ സർക്കാർ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കനാൽ നിർമ്മിക്കാതിരിക്കാൻ തമിഴ്നാടിന്റെ സമ്മർദ്ദമുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 29.05.1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-അലിയാർ പദ്ധതികരാർ 1988-ൽ പുനരവലോകനം ചെയ്യാൻ സമയമായിരുന്നു. അതനുസരിച്ച് തിരുവനന്തപുരത്ത് വച്ച് 21.09.89-ൽ കൂടിയ മന്ത്രിതല ചർച്ചയുടെ ഫലമായി രണ്ട് സംസ്ഥാനങ്ങളും തമ്മിൽ മെമ്മോറാണ്ടങ്ങൾ കൈമാറി. അതിനുശേഷം അഞ്ച് മന്ത്രിതല ചർച്ചകൾ നടക്കുകയുണ്ടായി. 05.11.92-ൽ മദിരാശിയിൽ ചേർന്ന മന്ത്രിതല ചർച്ചയിൽ വച്ച് ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം കൂടി തമിഴ്നാടിന് കൈമാറുകയുണ്ടായി. 28.02.93-ലും, 03.04.93-ലും ഔദ്യോഗികതല ചർച്ചകൾ യഥാക്രമം തിരുവനന്തപുരത്തും തമിഴ്നാട്ടിലും വച്ച് നടന്നു. 25.05.93-ൽ നിയമസഭയുടെ ഒരു അഡ്ഹോക്ക് കമ്മിറ്റിയെ പദ്ധതികരാർ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ചു. 28.11.96-ൽ ചെന്നൈയിൽ വച്ച് ഈ വിഷയത്തെക്കുറിച്ച് മന്ത്രിതല ചർച്ചകൾ നടന്നു. അന്തർ സംസ്ഥാന നദീജലചർച്ചകളിൽ ഉന്നയിക്കേണ്ട പ്രശ്നങ്ങൾ പഠിച്ച് അജണ്ട തയ്യാറാക്കു

LIBRARY ARCHIVES Kerala Legislative Assembly

വാനായി 22.08.97-ൽ ഒരു ഹൈലെവൽ കമ്മിറ്റി നിലവിൽ വന്നു. പുനരവ ലോകന പ്രക്രിയ ത്വരിതപ്പെടുത്തുന്ന ജോലികൾ ഈ കമ്മിറ്റി സ്വീകരിച്ചു വരുന്നു.

(ബി) രണ്ട് സംസ്ഥാനങ്ങൾ തമ്മിലുണ്ടാക്കിയ ഈ കരാർ പുനരവ ലോകനം ചെയ്യാനുള്ള നടപടികൾ ഇക്കാലമത്രയും നടന്നു വരുന്നുണ്ടായിരു ന്നു. എന്നാൽ, പി.എ.പി. കരാറിന്റെ വ്യവസ്ഥകൾ പലതും തമിഴ്നാട് ലംഘി ച്ചിട്ടുണ്ട്. ഈ ലംഘനങ്ങൾ തിരുത്തണമെന്ന് തമിഴ്നാട് സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് ഇതുവരെ അനുകൂലമായി പ്രതി കരിച്ചിട്ടില്ല. തൽഫലമായി ഇതിനെതിരെ ആവശ്യമായ നിയമനടപടികളു മായി മുന്നോട്ടു പോകുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മാത്രമേ കരാർ പുനരവലോകനം ചെയ്യാൻ സാദ്ധ്യമാകുകയുള്ളു.

(സി) പറമ്പിക്കുളം ഡാം ഗ്രൂപ്പിൽ നിന്നും 1970-71 മുതൽ 1997-98 വരെയുള്ള കാലയളവിൽ 5 വർഷം മാത്രമാണ് കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുള്ളത്. ഇത് മണക്കടവ് വിയറിൽ ലഭ്യമായി വരുന്നുണ്ട്. ഈ തോതിൽ അധികജലം എല്ലാവർക്കും ലഭ്യമാകാത്ത സാഹചര്യത്തിൽ ഇപ്പോൾ പി.എ.പി ഗ്രൂപ്പിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ജലത്തിന്റെ ആനുപാ തിക വിഹിതം കേരളത്തിന് ലഭ്യമാക്കുന്ന തരത്തിൽ കരാറിലെ വ്യവസ്ഥ പുനരവലോകനം ചെയ്യണമെന്ന തത്വത്തിൽ അധിഷ്ഠിതമായാണ് പുനരവ ലോകന ചർച്ചകൾ നടത്തി വരുന്നത്. അധികജലം എല്ലാവർഷവും ലഭ്യമാകു മെന്നുറപ്പായാൽ മാത്രമേ കേരളത്തിന്റെ ചെലവിൽ പ്രത്യേകം ഒരു കനാൽ നിർമ്മിക്കുന്നതിന് പ്രസക്തിയുള്ളു. അധികജല ലഭ്യതയുടെ കുറവാണ് കനാൽ നിർമ്മാണം നടപ്പിലാക്കാത്തതിന് കാരണം..

(ഡി) തമിഴ്നാടിന്റെ സമ്മർദ്ദമുണ്ടായിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

8 (*496) ശ്രീ. എളമരം കരീം :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. ടി.കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോ ദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തന ങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പോളത്തിൽ ഇടപെടുന്നതിനും നിത്യോപയോഗസാധന ങ്ങൾ വിതരണം ചെയ്യുന്നതിനും കോർപ്പറേഷൻ എന്തെങ്കിലും പങ്കു വഹിക്കു ന്നുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്ന വില്പന കേന്ദ്രങ്ങളിൽ വില്പനയ്ക്കാവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ കോർപ്പറേഷൻ നേരിട്ടു വാങ്ങുന്നതാണോ;

(ഡി) കോർപ്പറേഷന്റെ സ്റ്റോക്ക് വെരിഫൈ ചെയ്യാനും ആവശ്യ ത്തിന് സാധനങ്ങൾ സീസൺ നോക്കി പർച്ചേസ് ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly